ലോക്കപ്പ് മരണങ്ങൾ ഒഴിവാക്കാൻ നടപടി

33 (783) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 മാർച്ചുവരെ ഏതെല്ലാം ലോക്കപ്പുകളിലാണ് മരണങ്ങൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ലോക്കപ്പ് മരണങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്റ്റേഷനിലെ എത്ര പോലീസ് ഉദ്യോഗസ്ഥന്മാരുടെപേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) ലോക്കപ്പ് മരണവുമായി ബന്ധപ്പെട്ട് സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും തിരിച്ചെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ആരെയൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ലോക്കപ്പ് മരണം സംബന്ധിച്ച് എത്ര അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട് ;

(എഫ്) ലോക്കപ്പ് മർദ്ദനവും, ലോക്കപ്പ് മരണവും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മരണം ഉണ്ടായിട്ടില്ല.

(ബി -ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇതു സംബന്ധിച്ച് എസ്. എച്ച്. ഒ. മാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അറസ്റ്റിനെയും കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനെയും സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്സ്. ഐ. പരിശീലന കൃാമ്പിലെ മഞ്ഞപ്പിത്ത രോഗബാധ

34 (784) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി നിയമനം ലഭിച്ച എസ്.ഐ. മാരുടെ പരിശീലനകൃാമ്പിൽ വ്യാപകമായി മഞ്ഞപ്പിത്ത രോഗബാധ ഉണ്ടായകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട എത്രപേർ നിർബന്ധിത അവധിയിൽ പ്രവേശിച്ചിട്ടുണ്ട് ;

(സി) രോഗം പടർന്ന് പിടിക്കാതിരിക്കുന്നതിന് മുൻകരുതൽ എടുത്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർബന്ധിത അവധി ആർക്കും കൊടുത്തിട്ടില്ല. 3-6-2003 മുതൽ 10-6-2003 വരെ 9 ദിവസം കോഴ്സ് നിർത്തിവച്ച് എല്ലാവർക്കും അവധി കൊടുത്തിരുന്നു. 16 എസ്.ഐ. ട്രെയിനികൾ ഇപ്പോൾ മെഡിക്കൽ ലീവിലാണ്.

(സി) ജില്ലാ മെഡിക്കലാഫീസിൽ നിന്നും വിദഗ്ധസംഘം ട്രെയിനിംഗ് കോളേജ് സന്ദർശിക്കുകയും അവരുടെ നിർദ്ദേശാനുസരണം മുൻകരുതൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്.

എസ്.ഐ. നിയമനവുമായി ബന്ധപ്പെട്ട അഴിമതി

35 (785) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് ഇൻസ്പെക്ടർ നിയമനവുമായി ബന്ധപ്പെട്ട അഴിമതി യുവജനങ്ങൾക്കിടയിൽ സൃഷ്ടിച്ചിട്ടുള്ള അരക്ഷിതത്വം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് പി.എസ്.സി. ക്ക് ഉണ്ടായിരുന്ന വിശ്വാസ്യത നഷ്ടപ്പെട്ടിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പി.എസ്.സി. യ്ക്ക് നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സബ് ഇൻസ്പെക്ടർ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിന് ചില പരാതികൾ ലഭിച്ചിരുന്നു. ഈ പരാതികൾ സംബന്ധിച്ച വസ്തുതകൾ ലഭ്യമാക്കാൻ പി.എസ്.സി. യോട് ആവശ്യപ്പെടുകയും അതനുസരിച്ച് പി.എസ്.സി.. സർക്കാരിന് മറുപടി തരുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇതിൽ ഇപ്പോൾ നടപടിയൊന്നും സ്വീകരിക്കേണ്ടതില്ല എന്നാണ് പി. എസ് സി. അറിയിച്ചിരിക്കുന്നത്. പി. എസ് സി. യുടെ മറുപടി സർക്കാർ പരിശോധിച്ചുവരികയാണ്.

എസ്.ഐ. നിയമനത്തിനുള്ള പരീക്ഷയുടെ ഉത്തര സൂചിക ചോർന്നതായി പരാതി

36 (786) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിൽ എസ്. ഐ. നിയമനത്തിന് പി. എസ്. സി. നടത്തിയ പരീക്ഷയുടെ ഉത്തര സൂചിക ചോർന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly